## ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13.12.2017 -ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്ട്സ്

1. 2018–19 സാമ്പത്തികവർഷം മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. അർഹരാണെന്ന് കണ്ടെത്തിയിട്ടുള്ള 175000 ഭൂമിയുള്ള ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുന്നതിന് ആദ്യവർഷം 7000 കോടി രൂപ ആവശ്യമായി വരുന്നതാണ്.

2. സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ 5 വീതം വീടുകളും സൗജന്യമായി ലഭിച്ച ഭൂമിയിൽ 30 എണ്ണവും ഉൾപ്പെടെ 2018–19–ൽ ആകെ 100 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും (ടെക്നോളജിക്കൽ ഇന്നവേഷൻ ഉൾപ്പെടുത്തി ചെയ്യുന്നതുൾപ്പെടെ) ഇതിനായി ഏകദേശം 2500 കോടി രൂപ ആവശ്യമായി വരുന്നതാണ്. ആകെ 2018–19–ൽ 7000+2500=9500 കോടി രൂപയുടെ ബാധ്യതയാണുണ്ടാവുക. ഇതിൽ ലൈഫ് മിഷനായും വിവിധ വകുപ്പുകളുടെ ഭവനപദ്ധതിക്കായും ബജറ്റ് വിഹിതമായി 2500 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 25% വിഹിതമായി 1500 കോടി രൂപയും പ്രതീക്ഷിക്കുന്നു. 2018–19–ൽ 9000–4000=5000 കോടി രൂപയാണ് വായ്പയായി കണ്ടെത്തേണ്ടി വരികയെന്ന് യോഗം വിലയിരുത്തി.

3. ലൈഫ് മിഷനുമായി ബന്ധപ്പെട്ട ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ബാധകമാക്കരുതെന്ന് ഫിനാൻസ് സെക്രട്ടറിയെ അറിയിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

4. 2018–19 വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ലൈഫ് മിഷനുവേണ്ടി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

   എ. 2017–18 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള ലൈഫ് മിഷന്റെ ആദ്യഘട്ടമായ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം 2018 മാർച്ച് 31–നും, പൂർത്തിയാക്കാൻ

അവശേഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയത് പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക 2018–19–ൽ നിർബന്ധമായും വകയിരുത്തേണ്ടതാണ്.

ബി. 2018–2019 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം ആരംഭിക്കുന്ന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനും (ജനറൽ/എസ്.സി ഗുണഭോക്താവിന് 4 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എസ്റ്റിമേറ്റ് തുകയും), ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിനും വേണ്ടി എല്ലാ തലത്തിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 25% തുക നിർബന്ധമായും മാറ്റിവെക്കേണ്ടതും ടി തുക മേഖല വിഭജനത്തിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

സി. ഭവന നിർമ്മാണ പദ്ധതിക്കായി മാറ്റിവെക്കുന്ന ടി 25% തുക സർക്കാർ ഉറവിടത്തിൽ നിന്നും കുറവു ചെയ്ത് ലൈഫ് മിഷന് കൈമാറേണ്ടതാണ്.

ഡി. ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് അധികമായി വേണ്ടിവരുന്ന തുകയും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി വരുന്ന തുകയും സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി വായ്പ എടുക്കുന്നതും ആവശ്യാനുസരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതുമാണ്. വായ്പയുടെ പലിശ സർക്കാർ നൽകുന്നതും മുതൽതുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയിൽ നിന്നും നൽകുന്നതുമാണ്. ഇതിനാവശ്യമായ നിർവ്വഹണ രീതിശാസ്ത്രം ലൈഫ് മിഷൻ തയ്യാറാക്കി നൽകുന്നതാണ് (05.04.2017–ലെ മിഷൻ യോഗ തീരുമാനം)

ഇ. 100–ൽ കൂടുതൽ ഭൂരഹിത ഭവനരഹിതർ ഉള്ളതും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ സർക്കാരിന്റെ ഏതെങ്കിലും വകുപ്പ്/പൊതുമേഖല സ്ഥാപനങ്ങൾ/ പുറംപോക്ക് തുടങ്ങിയവരുടെ കൈവശമോ ഭവനസമുച്ചയം നിർമ്മിക്കാൻ ആവശ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലൈഫ് മിഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഭൂമി വാങ്ങുന്നതിന് (കുറഞ്ഞത് 50 സെന്റ്) തുക വകയിരുത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇത്തരത്തിൽ സ്ഥലമില്ലായെന്ന് സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

എഫ്. 2018-19 വർഷത്തിൽ നിബന്ധനകൾക്ക് വിധേയമായി ലൈഫ് മിഷൻ തിരഞ്ഞെടുക്കുന്ന 100 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്.

ജി. ഭൂരഹിത ഭവനരഹിതർക്കായി കെട്ടിട സമുച്ചയത്തിനല്ലാതെ ഭൂമി വാങ്ങുന്ന പ്രോജക്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ ഏറ്റെടുക്കാൻ പാടില്ല എന്നത് പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. അടിമാലി ഗ്രാമപഞ്ചായത്തിലെ ഭവനം ഫൗണ്ടേഷൻ കൈമാറുന്ന ഫ്ളാറ്റിൽ ലൈഫ് മിഷൻ അന്തിമ ലിസ്റ്റ് പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് മുൻഗണനാടിസ്ഥാനത്തിൽ യൂണിറ്റുകൾ അനുവദിക്കുന്നതിന് അടിമാലി ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകണമെന്ന് യോഗം നിർദ്ദേശിച്ചു.

6. ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭൂരഹിത-ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിന് ഫ്ളാറ്റുകൾ/ക്ലസ്റ്റർ ഹൗസുകൾ നിർമ്മിക്കാൻ സംസ്ഥാനത്ത് ഉടനീളം 3000 ഏക്കറിന് മുകളിൽ സ്ഥലം ആവശ്യമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വകുപ്പുകൾ എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ളതും നിലവിൽ ഉപയോഗം ഇല്ലാത്തതുമായ ഭൂമികൾ ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും അത്തരം ഭൂമികളുടെ വിവരം ശേഖരിച്ച് വരുന്നതുമാണ്. കൂടാതെ, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ആവശ്യത്തിലേക്ക് ഭൂമി വാങ്ങുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവും നൽകിയിരുന്നു. എന്നാൽ ലൈഫ് മിഷന്റെ ആവശ്യത്തിലേയ്ക്കുള്ള മുഴുവൻ ഭൂമിയും ഇത്തരത്തിൽ കണ്ടെത്താൻ കഴിയില്ല. ആയതിനാൽ ഇതേ ആവശ്യത്തിന് ഭൂമി ദാനം ചെയ്യുവാൻ താത്പര്യം പ്രകടിപ്പിക്കുന്ന സ്വകാര്യ വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാനത്തുടനീളം നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എമാരുടെ സഹകരണത്തോടെ ഒരു യജ്ഞം ആരംഭിച്ചിട്ടുണ്ട്. ഇതേ തുടർന്ന് മിഷന്റെ ആവശ്യത്തിലേയ്ക്ക് ഭൂമി ദാനം ചെയ്യുവാൻ ഒട്ടേറെ സ്വകാര്യ വ്യക്തികൾ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അത്തരത്തിൽ സ്വകാര്യ വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്ന് ഭൂമി

ഏറ്റെടുക്കുമ്പോഴുള്ള രജിസ്ട്രേഷൻ ചെലവുകൾ ഒഴിവാക്കുവാൻ ധനകാര്യ വകുപ്പിനോട് അഭ്യർഥിക്കുവാൻ തീരുമാനിച്ചു.

7. ലൈഫ് ഭവനനിധിയിലേക്ക് ഫണ്ട് സ്വരുപിക്കുന്നതിന് പര്യാപ്തമായ തരത്തി ബ്രോഷർ തയ്യാറാക്കുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

8. ലൈഫ് മിഷനുമായി ബന്ധപ്പെട്ട വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ മിഷൻ മോണിറ്ററിംഗ് ടീമംഗം ശ്രീമതി റസി ജോർജ്ജിനെ കൃത്യമായും അറിയിപ്പ് നൽകണമെന്ന് യോഗം തീരുമാനിച്ചു.

9. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന പൂർത്തീകരണത്തിന് യഥാർത്ഥ നിർമ്മാണ ചെലവ് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ടി.പി.ടി.എ/എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം വിനിയോഗിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ ഈ സംവിധാനങ്ങൾ പൂർണ്ണമായി വിനിയോഗിച്ചിട്ടും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 500 രൂപ നിരക്കിൽ അവരുടെ തനത് ഫണ്ടിൽ നിന്നും നൽകി സേവനം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചു.

25/12/12

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി